**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഡൽഹിയിൽ നടക്കുന്ന " Forum of Cities that Segregate" മീറ്റിംഗിൽ ആലപ്പുഴ നഗരസഭയിൽ നിന്നും ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1656/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/06/2018

---

പരാമർശം:- 1 നഗരസഭ ഡയറക്ടറുടെ 30.05.2018-ലെ ഡിസി3-11835/18 നമ്പർ കത്ത്.
2 ആലപ്പുഴ നഗരസഭ സെക്രട്ടറിയുടെ 14/06/2018 ലെ ജി1-11656/18 നമ്പർ കത്ത്.

<u>ഉത്തരവ്</u>

Centre for Science and Environment ന്റെ ആഭിമുഖ്യത്തിൽ 07/06/2018-ന് ഡൽഹിയിൽ നടക്കുന്ന Forum of Cities that Segregate എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള മീറ്റിംഗിൽ ആലപ്പുഴ നഗരസഭയിൽ നിന്നും ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം അറിയിച്ചിരിക്കുന്നു. പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുന്നതിന് മുനിസിപ്പൽ ചെയർമാന്റെയും സെക്രട്ടറിയുടെയും യാത്ര ചെലവ് Centre for Science and Environment വഹിക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെയും ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥന്റെയും യാത്രാ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാനും യാത്രക്കുള്ള അനുമതി ലഭ്യമാക്കണമെന്നും നഗരകാര്യ ഡയറക്ടർ സൂചന 1 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. ഡൽഹിയിൽ നടക്കുന്ന Forum of Cities that Segregate എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള മീറ്റിംഗിൽ പങ്കെടുക്കുന്നതിലേക്കായി 6 ാം തിയതി തന്നെ പോകേണ്ടി വന്നതിനാൽ നഗരകാര്യ ഡയറക്ടറുടെ ഇൻ ചാർജ്ജിന്റെ നിർദ്ദേശ പ്രകാരം അനുമതി ഉത്തരവ് ലഭിക്കാതെ തന്നെ നഗരസഭ ചെയർമാനും സെക്രട്ടറിക്കൊപ്പം ഹൽത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനും ഹെൽത്ത് ഇൻസ്പെക്ടറും സ്വന്തം ചെലവിൽ ടിക്കെറ്റെടുത്താണ് പോയിട്ടുള്ളതെന്നും അനുമതി ഉത്തരവ് ലഭിക്കാത്തതിനാൽ നഗരസഭയിൽ നിന്നും പണമെടുക്കാൻ സാധിച്ചിട്ടില്ലെന്നും മുനിസിപ്പൽ സെക്രട്ടറി സൂചന 2 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Centre for Science and Environment ന്റെ ആഭിമുഖ്യത്തിൽ 07/06/2018-ന് ഡൽഹിയിൽ നടന്ന മീറ്റിംഗിൽ ആലപ്പുഴ നഗരസഭയിൽ നിന്നും ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സിനി .ജെ .ഷുക്കൂർ**
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി , ആലപ്പുഴ നഗരസഭ.

അക്കൗണ്ട്സ് ജനറൽ (A&E/Audit) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ്
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ